LIBRARY ARCHIVES Kerala Legislative Assembly

ഭരണഭാഷ മലയാളമാക്കാൻ നടപടി

*8 [7] *ശ്രീ. എം. എ. ചന്ദ്രശേഖരൻ:*
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ലൂഡി ലൂയിസ്:
,, ടി. യു. രാധാകൃഷ്ണൻ:
പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഭരണഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് കാലപരിധി നിർണ്ണയിച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ;

(സി) സെക്രട്ടേറിയറ്റ് തലത്തിൽ ഏതെല്ലാം വകുപ്പുകളിൽ കുറിപ്പുകളും കത്തുകളും മലയാളത്തിലാക്കിയിട്ടുണ്ട്;

(ഡി) ഏതെല്ലാം വകുപ്പുതലവൻമാരുടെ ഓഫീസുകളിൽ ഭരണഭാഷ മലയാളമാക്കിയിട്ടുണ്ട്;

(ഇ) ജില്ലാ തലത്തിൽ ഏതെല്ലാം ഓഫീസുകളിൽ ഭരണഭാഷ മലയാളത്തിലാക്കിയിട്ടുണ്ട്?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) സംസ്ഥാന ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിനായി സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ താഴെ ചേർക്കുന്നു:

(1) <u>വകുപ്പുകളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കിയതു സംബന്ധിച്ച്</u>

സർക്കാരിന്റെ 68 വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, കേരള വനിതാ കമ്മിഷൻ, കേരള പിന്നോക്ക വിഭാഗ കമ്മിഷൻ, ലോകായുക്ത ഓംബുഡ്സ്മാൻ എന്നീ അഞ്ചു സ്വയംഭരണ സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(2) <u>ഏഴ് വകുപ്പുകളിലെ ഭരണഭാഷാമാറ്റം</u>

മലയാളം ഔദ്യോഗിക ഭാഷയായി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള 68 വകുപ്പുകളിൽ ഉൾപ്പെടുന്ന റവന്യൂ, പഞ്ചായത്ത്,

ഗ്രാമവികസനം, സാമൂഹികക്ഷേമം, സഹകരണം, പോലീസ്, വിജിലൻസ് എന്നീ ഏഴ് വകുപ്പുകളിൽ ഭാഷാ ന്യൂനപക്ഷങ്ങൾക്കു നൽകിയിട്ടുള്ള പരിരക്ഷ നിലനിർത്തിക്കൊണ്ട് നൂറു ശതമാനം ഭാഷാമാറ്റം കൈവരിക്കത്തക്കവിധം, പ്രസ്തുത വകുപ്പുകളിൽ ഒരു തീവ്രയത്ന പരിപാടി ആവിഷ്ക്കരിച്ചു നടപടികൾ സ്വീകരിച്ചു വരികയാണ്.

(3) കോഡുകളുടെയും മാനുവലുകളുടെയും മറ്റും പരിഭാഷ

വിവിധ സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും നിത്യേന ഉപയോഗിക്കുന്ന കോഡുകളുടെയും മാനുവലുകളുടെയും ഫാറങ്ങളുടെയും പരിഭാഷ നടത്തുന്നതിന് വകുപ്പുകളിൽ പരിഭാഷാ സെൽ രൂപീകരിക്കുകയും പരിഭാഷ സംബന്ധിച്ച ജോലികൾ ത്വരിതഗതിയിൽ നടന്നുവരികയും ചെയ്യുന്നു.

(4) ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി

ക്ലാസ്സ് 3 വിഭാഗത്തിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർക്ക് ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്നതിന് സഹായകമാം വിധത്തിൽ ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് ഔദ്യോഗിക ഭാഷാ പരിശീലനം നൽകിവരുന്നു.

(5) പി. എസ്. സി. ഓഫീസിൽ ഭരണഭാഷ മലയാളം: പി. എസ്. സി. പരീക്ഷകളിൽ ഒരു പേപ്പർ മലയാളം

പി. എസ്. സി. ഓഫീസുകളിൽ ഭരണഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. (അനുബന്ധം I) † പി. എസ്. സി. നടത്തുന്ന പരീക്ഷകളിൽ എസ്. എസ്. എൽ. സി. ക്കു താഴെ യോഗ്യത നിശ്ചയിച്ചിരിക്കുന്ന തസ്തികകൾക്കുള്ള ചോദ്യപേപ്പർ മലയാളത്തിലാണ് തയ്യാറാക്കുന്നതെന്നും എസ്. എസ്. എൽ. സി. യോ അതിൽ കൂടുതലോ യോഗ്യത നിശ്ചയിച്ചിട്ടുള്ള മിനി സ്റ്റീരിയൽ തസ്തികകൾക്കുള്ള പരീക്ഷകളിൽ ജനറൽ ഇംഗ്ലീഷ് ഒഴികെയുള്ള ചോദ്യങ്ങൾ മലയാളത്തിലാക്കുന്നതിനും 30% മാർക്കിന് മലയാള ഭാഷയിലെ പ്രായോഗിക പരിജ്ഞാനം പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്താനും പി. എസ്. സി. തീരുമാനിച്ചിട്ടുള്ളതായി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(6) കോടതി ഭാഷ

കേരള വനിതാ കമ്മിഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ എന്നീ സ്ഥാപനങ്ങളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം 2) † ഹൈക്കോടതിയിൽ ഭരണഭാഷയും വ്യവഹാരഭാഷയും മലയാളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

---

† അനുബന്ധം I, അനുബന്ധം I 'എ', അനുബന്ധം I 'ബി', അനുബന്ധം I 'സി', അനുബന്ധം I 'ഡി'

GPM. 2/543/2012..—7

LIBRARY ARCHIVES Kerala Legislative Assembly

(7) മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും

സർക്കാർ തലത്തിൽ 2002 മുതൽ നവംബർ 1 മലയാള ദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരമായും ആഘോഷിച്ചുവരുന്നു.

(8) സ്കൂൾ തലത്തിൽ ബോധനം

സംസ്ഥാനത്തെ ഭരണഭാഷാ പൂർണ്ണമായും മലയാളമായി മാറേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സ്കൂൾ വിദ്യാർത്ഥികൾക്ക് അറിവു പകരുന്നതിനുവേണ്ടി എല്ലാ സ്കൂളുകളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

(9) നിയമപാലനം കർശനമാക്കൽ

സംസ്ഥാനത്തെ ഭാഷാമാറ്റം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് 30-1-2002-ലെ സ. ഉ. (അച്ചടിച്ചത്) 22/2002/ഉഭപവ നം. ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. (അനുബന്ധം 3) †

(10) ഭരണഭാഷാ പുരസ്കാരങ്ങൾ

ഔദ്യോഗിക ഭാഷാ മലയാളമാക്കിയിട്ടുള്ള വകുപ്പുകളിലെ താലൂക്കുതല ഓഫീസുകളിൽ ഏറ്റവും കൂടുതൽ ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുകയും ഭാഷാമാറ്റത്തിനു സഹായകമായ വിധത്തിൽ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന ക്ലാസ്സ് 3 വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥന് അംഗീകാരമെന്ന നിലയിൽ ഗുഡ്സർവ്വീസ് എൻട്രി നൽകുന്നുണ്ട്. ഭരണഭാഷയുടെ വ്യാപനം ലക്ഷ്യമാക്കി ഭാഷാമാറ്റത്തിന് പ്രോത്സാഹനമെന്ന നിലയിൽ ക്ലാസ്സ് 3 വിഭാഗത്തിലുള്ള ജീവനക്കാർക്ക് വർഷംതോറും നൽകുന്ന സംസ്ഥാനതല ജില്ലാതല ഭരണഭാഷാ സേവന പുരസ്കാരങ്ങളും ഭാഷാ മാറ്റത്തിനുതകുന്ന സ്വതന്ത്രകൃതികൾ രചിക്കുന്ന സർക്കാർ ജീവനക്കാർക്ക് ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്കാരവും ഏർപ്പെടുത്തിയിട്ടുണ്ട്. (അനുബന്ധം 4) †

(11) ഔദ്യോഗിക മലയാളം സോഫ്റ്റ്വെയർ

ഔദ്യോഗിക ഭാഷാ വകുപ്പിനുവേണ്ടി സി. ഡിറ്റു നിർമ്മിക്കുന്ന 'നില' ഔദ്യോഗിക മലയാളം സോഫ്റ്റ് വെയർ നവംബർ 1-ന് പ്രകാശനം ചെയ്തു. ഇതു താമസിയാതെ സർക്കാർ ഓഫീസുകളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്.

(12) ഔദ്യോഗികഭാഷാ സമ്മേളനങ്ങൾ

സംസ്ഥാനത്തെ ഭാഷാമാറ്റം വിലയിരുത്തുന്നതിനായി ആറുമാസത്തിലൊരിക്കൽ ഉന്നതതല സമിതിയോഗവും നാലു മാസത്തിലൊരിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനതല സമിതി യോഗവും മൂന്നു മാസത്തിലൊരിക്കൽ ജില്ലാതല സമിതി യോഗവും രണ്ടു മാസത്തിലൊരിക്കൽ താലൂക്കുതല സമിതി യോഗവും കൃത്യമായി കൂടുന്നുണ്ട്.

(13) നിയമസഭാ സമിതി രൂപീകരണം

സംസ്ഥാനത്തെ ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിന് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം. എൽ. എ. അദ്ധ്യക്ഷനായി 11-ാം കേരള നിയമസഭ ഒരു നിയമസഭാ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ 1-ാമതു റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. അതിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(14) വകുപ്പുതല പദകോശ നിർമ്മാണം

വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുള്ള പദകോശങ്ങൾ ഔദ്യോഗിക ഭാഷാ വകുപ്പിൽ സൂക്ഷ്മപരിശോധന നടത്തിവരികയാണ്. എല്ലാ സർക്കാർ വകുപ്പുകൾക്കും പ്രത്യേകം പ്രത്യേകം സാങ്കേതിക പദകോശം തയ്യാറാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

(15) സഹായക ഗ്രന്ഥങ്ങൾ

സർക്കാർ ജീവനക്കാർക്ക് ഭരണഭാഷാമാറ്റ പ്രവർത്തനങ്ങൾക്കു സഹായകമായി ഭരണ ശബ്ദാവലി, ഭരണഭാഷാ പഠനപദ്ധതി, ഭരണ ഭാഷയെ സംബന്ധിച്ച പ്രധാന ഉത്തരവുകളുടെയും സർക്കുലറുകളുടെയും സമാഹാരം തുടങ്ങിയ സഹായക ഗ്രന്ഥങ്ങൾ അച്ചടിച്ച് വിതരണം ചെയ്തു വരുന്നു.

(16) അർദ്ധസർക്കാർ/പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നത്

അർദ്ധസർക്കാർ/പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ബി) കാലപരിധി നിർണ്ണയിച്ചിട്ടില്ല.

(സി) മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുള്ള സർക്കാരിന്റെ 68 വകുപ്പുകളിലും 5 സ്വയംഭരണ സ്ഥാപനങ്ങളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധം 5)

(ഡി) സർക്കാരിന്റെ 68 വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും കേരള പി. എസ്. സി., കേരള പിന്നോക്ക വിഭാഗ കമ്മിഷൻ, കേരള വനിതാ കമ്മിഷൻ, കേരള ലോകായുക്ത, ഓംബുഡ്സ്മാൻ എന്നീ 5 സ്വയംഭരണ സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധം 5 കാണുക)

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുള്ള 68 വകുപ്പുകളുടെ ജില്ലാ ഓഫീസുകളിലും പി. എസ്. സി. യുടെ ജില്ലാ ഓഫീസുകളിലും ഭരണഭാഷ മലയാളത്തിലാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധം 5 കാണുക)

ഗ്രാമീണ മേഖലയിലെ പി. എച്ച്. സി. കളിൽ ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിന് നടപടി

*9 [8] *ശ്രീ. എ. എൻ. രാജൻ ബാബു:*

" കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിലെ പി. എച്ച്. സി. കളിൽ ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമീണ മേഖലകളിലായി എത്ര ഡോക്ടർമാരെ പുതുതായി നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) & (ബി) 1998 മുതൽ എം. ബി. ബി. എസ്. കോഴ്സിനുള്ള പ്രോസ്പെക്ടസിൽ ടി കോഴ്സ് സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും പാസ്സാകുന്ന ആളുകൾ ഗവൺമെന്റ് ആവശ്യപ്പെടുന്നപക്ഷം 3 കൊല്ലം ഗ്രാമീണസേവനം നടത്താൻ ബാദ്ധ്യസ്ഥരാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന ഇക്കൊല്ലം മുതൽ നിർബന്ധിതമാക്കി. അതനുസരിച്ച് 26-8-2004-ലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (എം. എസ്.) 238/2004/ആകുവ പ്രകാരം പ്രാവർത്തികമാക്കി. ഇതനുസരിച്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും എം. ബി. ബി. എസ്. കോഴ്സ് പാസ്സാകുന്ന ആളുകളെ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ ലഭിച്ചതിനുശേഷം ഗ്രാമീണ മേഖലയിലുള്ള ഒഴിവുകളിൽ അസിസ്റ്റന്റ് സർജൻമാരായി ഒരു കൊല്ലത്തേക്കോ പി. എസ്. സി. വഴി സ്ഥിരം ആളുകൾ വരുന്നതുവരെയോ 10000 രൂപ പ്രതിമാസ സ്റ്റൈപെന്റോടെ നിയമിക്കാൻ ഉത്തരവായി.

ഇതുപ്രകാരം 436 ഡോക്ടർമാരെ ഗ്രാമീണ മേഖലയിലെ ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച വിശദമായ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[1-12-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *8(7)-ന്റെ ഉത്തരം ദയവായി കാണുക]

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) 46/2002/ഉഭപവ. തിരുവനന്തപുരം, 2002 ഒക്ടോബർ 25.

എസ്. ആർ. ഒ. നമ്പർ 917/2002.—1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് (1969-ലെ 7) 1 ബി. വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ പബ്ലിക് സർവ്വീസ് കമ്മീഷന്റെ മുഖ്യ ആഫീസിലും, കമ്മീഷന്റെ കീഴിലുള്ള മറ്റ് ആഫീസുകളിലും എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും, നിയമപരമായി ഇംഗ്ലീഷ് ഭാഷയും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നട എന്നിവയും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, 2002 നവംബർ 1-ാം തീയതി മുതൽ മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എൽ. നടരാജൻ,
ഗവൺമെന്റ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ വിജ്ഞാപനത്തിന്റെ പൊതു ഉദ്ദേശ്യം സൂചിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

GPM. 2/543/2012.—22

LIBRARY ARCHIVES Kerala Legislative Assembly

1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് 1 ബി വകുപ്പ് സർക്കാർ വകുപ്പുകളിൽ ഔദ്യോഗികാവശ്യങ്ങൾക്ക് ഇംഗ്ലീഷോ മലയാളമോ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരം നൽകുന്നു. കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിന്റെ ഭാഗമെന്ന നിലയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ മുഖ്യ ആഫീസിലും കമ്മീഷന്റെ കീഴിലുള്ള മറ്റ് ആഫീസുകളിലും എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും, നിയമപരമായി ഇംഗ്ലീഷ് ഭാഷയും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നട എന്നിവയും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, നിർബന്ധമായും മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കണമെന്ന് സർക്കാർ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത തീരുമാനം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

Personnel and Administrative Reforms (Official Language) Department

NOTIFICATION

G. O. (P) No. 46/2002/P & ARD. *Dated, Thiruvananthapuram, 25th October, 2002.*

S. R. O. No. 917/2002.—In exercise of the powers conferred by Section 1 B of the Kerala Official Languages Act, 1969 (7 of 1969), the Government of Kerala hereby direct that with effect from 1st November, 2002, Malayalam shall be used as official language for all official purposes in the head office and all subordinate offices of the Kerala Public Service Commission, except where English and the Minority Languages of the State namely, Tamil and Kannada shall be used as provided by law.

By order of the Governor,

L. NATARAJAN,
Secretary to Government.

LIBRARY ARCHIVES Kerala Legislative Assembly

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Section I B of Kerala Official Languages Act, 1969 empowers the Government to issue a notification providing that either English or Malayalam shall be used for official purposes in Government Departments. As a part of the complete transformation of the official language of the State as Malayalam, it has been decided that Malayalam shall compulsorily be used for all official purposes, in the head office and all subordinate offices of the Kerala Public Service Commission, except where English and the Minority Languages of State namely, Tamil and Kannada shall be used as provided by law.

This notification is intended to achieve the above object.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I 'എ'

[1-12-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 8(*7)-ന്റെ ഉത്തരം ദയവായി കാണുക]

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

വിജ്ഞാപനം

സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.12/2003/ഉഭപവ. തിരുവനന്തപുരം, 2003 മേയ് 26.

എസ്. ആർ. ഒ. നമ്പർ 454/2003—1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് (1969-ലെ 7) I ബി. വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, കേരള വനിതാ കമ്മീഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ എന്നീ സ്ഥാപനങ്ങളിൽ എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും, നിയമപരമായി ഇംഗ്ളീഷ് ഭാഷയും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നട എന്നിവയും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. സി. വി. ആനന്ദബോസ്,
ഗവൺമെന്റ് സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ വിജ്ഞാപനത്തിന്റെ പൊരുൾ ഉദ്ദേശ്യം സൂചിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് 1 ബി വകുപ്പ്, കേരള സംസ്ഥാനത്ത് ഔദ്യോഗികാവശ്യങ്ങൾക്ക് ഇംഗ്ലീഷോ, മലയാളമോ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരം നൽകുന്നു. കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിന്റെ ഭാഗമെന്ന നിലയിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, കേരള വനിതാ കമ്മീഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ എന്നീ സ്ഥാപനങ്ങളിൽ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും, നിയമപരമായി ഇംഗ്ലീഷ് ഭാഷയും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നട എന്നിവയും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, നിർബന്ധമായും മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കണമെന്ന് സർക്കാർ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത തീരുമാനം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

LIBRARY ARCHIVES Kerala Legislative Assembly

GOVERNMENT OF KERALA

Personnel and Administrative Reforms (Official Language) Department

NOTIFICATION

G. O. (P) No. 12/2003/P & ARD. *Dated, Thiruvananthapuram, 26th May, 2003.*

S. R. O. No. 454/2003.—In exercise of the powers conferred by Section 1 B of the Kerala Official Languages Act, 1969 (7 of 1969), the Government of Kerala hereby direct that Malayalam shall be used as official language for all official purposes in the offices of the Kerala State Commission for Backward Classes, Kerala Women's Commission, Lok Ayukta and Ombudsman, except where English and the Minority Languages of the State namely, Tamil and Kannada shall be used as provided by law.

By order of the Governor,

DR. C. V. ANANDA BOSE,
Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Section 1 B of the Kerala Official Languages Act, 1969, empowers the Government to issue a notification providing that either English or Malayalam shall be used for official purposes of the State of Kerala. As a part of the complete transformation of the official language of the State as Malayalam, it has been decided that Malayalam shall compulsorily be used for all official purposes in the offices of the Kerala State Commission for Backward Classes, Kerala Women's Commission, Lok Ayukta and Ombudsman, except where English and Minority Languages of State namely, Tamil and Kannada shall be used as provided by law.

This notification is intended to achieve the above object.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I 'ബി'

[1-12-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 8(*7)-ന്റെ ഉത്തരം ദയവായി കാണുക]

കേരള സർക്കാർ

സംഗ്രഹം

മലയാളം ഔദ്യോഗിക ഭാഷ—26-11-2001-ൽ ചേർന്ന ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി യോഗത്തിന്റെ തീരുമാനങ്ങൾ സംസ്ഥാനത്തെ ഭരണഭാഷാ മാറ്റം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും മറ്റും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

സ. ഉ. (അച്ചടിച്ചത്) 22/2002/ഉഭപവ. തിരുവനന്തപുരം, 2002 ജനുവരി 30.

ഉത്തരവ്

ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇത് നടപ്പാക്കുന്നതിന്റെ ഭാഗമായി 67 സർക്കാർ വകുപ്പുകളിൽ മലയാളം ഔദ്യോഗിക ഭാഷ ആക്കിക്കൊണ്ട് ഇതിനകം വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മലയാളം ഉപയോഗിക്കുന്നതിൽ ഉദ്യോഗസ്ഥർ വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കാത്തതിനാൽ ചില വകുപ്പുകളിൽ കാര്യമായ ഭാഷാ മാറ്റ പുരോഗതി ഉണ്ടായിട്ടില്ല. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26-11-2001-ൽ കൂടിയ ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി ഇക്കാര്യം പരിശോധിക്കുകയും സംസ്ഥാനത്തെ ഭരണഭാഷാ മാറ്റം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും മറ്റും കർശനമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

2. സർക്കാർ ഈ നിർദ്ദേശം അംഗീകരിച്ച് ബന്ധപ്പെട്ടവർ ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ഭാഷാമാറ്റത്തിന്റെ ആവശ്യകതയെപ്പറ്റി അറിവ് നൽകുന്നതിനും അവർക്ക് മലയാളം ഉപയോഗിക്കുന്നതിനുള്ള വൈമുഖ്യം മാറ്റിയെടുക്കുന്നതിനും മലയാളത്തിന്റെ ഉപയോഗത്തിൽ അവർക്കുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഓഫീസുകളിൽ നിന്ന് ഭാഷാമാറ്റ പുരോഗതി സംബന്ധിച്ച് ജില്ലാ ഔദ്യോഗിക ഭാഷാ സമിതികൾക്ക് നൽകുന്ന കണക്കുകളുടെ നിജസ്ഥിതി പരിശോധിക്കുന്നതിനും ഔദ്യോഗിക ഭാഷ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും മറ്റും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പിലെ ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു. പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പിൽ ആവശ്യമായ നടപടികൾ സത്വരമായി സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് നിർദ്ദേശം നൽകുന്നതുമാണ്. ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പുതലവൻമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എൽ. നടരാജൻ,
സ്പെഷ്യൽ ആഫീസർ (ഔദ്യോഗിക ഭാഷ)
എക്സ് ഒഫിഷ്യോ സെക്രട്ടറി,
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്.

എല്ലാ ജില്ലാ കളക്ടർമാർക്കും,
എല്ലാ വകുപ്പ് തലവൻമാർക്കും,
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും,
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
ഡയറക്ടർ, പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).

പകർപ്പ്:— 1. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,
2. ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,
3. ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I 'സി'

[1-12-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 8(*7)-ന്റെ ഉത്തരം ദയവായി കാണുക]

കേരള സർക്കാർ

സംഗ്രഹം

മലയാളം ഔദ്യോഗിക ഭാഷ—ഭരണഭാഷാപുരസ്കാരങ്ങൾ—ഔദ്യോഗിക ഭാഷാ ഉന്നതതല സമിതിയുടെ 12-6-2003-ൽ ചേർന്ന യോഗത്തിന്റെ തീരുമാനം—ഭരണഭാഷാ പുരസ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

സ. ഉ. (അച്ചടിച്ചത്) നം. 29/2003/ഉഭപവ. തിരുവനന്തപുരം, 2003 സെപ്റ്റംബർ 23.

പരാമർശം:—ഔദ്യോഗിക ഭാഷാ ഉന്നതതല സമിതിയുടെ 12-6-2003-ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

ഉത്തരവ്

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഭരണരംഗത്ത് മലയാളത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുവേണ്ടി പല പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതോടനുബന്ധിച്ച് സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രോൽസാഹനമായി ഭരണഭാഷാ പുരസ്ക്കാരങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ഔദ്യോഗിക ഭാഷാ ഉന്നതതല സമിതിയുടെ 12-6-2003-ൽ ചേർന്ന യോഗം വിശദമായി ചർച്ച ചെയ്യുകയും ഭരണഭാഷയുടെ വ്യാപനം ലക്ഷ്യമാക്കി ഭാഷാമാറ്റത്തിനു നേതൃത്വം നൽകുന്ന ക്ലാസ്-3 വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ മൊത്തത്തിൽ കണക്കാക്കി പ്രതിവർഷം നൽകുന്ന ഭരണ ഭാഷാ അവാർഡും ഭാഷാമാറ്റത്തിനുതകുന്ന സ്വതന്ത്ര കൃതികൾ രചിക്കുന്ന സർക്കാർ ജീവനക്കാർക്ക് ഗ്രന്ഥരചനാ അവാർഡും ഏർപ്പെടുത്തുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി.

GPM. 2/543/2012.—23

LIBRARY ARCHIVES Kerala Legislative Assembly

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന പ്രകാരം ഭരണഭാഷാ പുരസ്ക്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു:

(i) ഔദ്യോഗിക ഭാഷാ രംഗത്ത് മലയാളത്തിൽ ചെയ്ത ജോലിയുടെ അടിസ്ഥാനത്തിൽ ക്ലാസ്-3 വിഭാഗത്തിൽപ്പെട്ട സംസ്ഥാന ജീവനക്കാർക്ക് നൽകുന്ന ഭരണഭാഷാ സേവന പുരസ്ക്കാരവും,

(ii) ഔദ്യോഗിക ഭാഷ സംബന്ധിച്ചുള്ള സ്വതന്ത്ര കൃതികൾ രചിക്കുന്ന സംസ്ഥാന ജീവനക്കാർക്ക് നൽകുന്ന ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്ക്കാരവും ഇതിൽ ഉൾപ്പെടുന്നു.

മുകളിൽ പറയുന്ന രണ്ട് പുരസ്ക്കാരങ്ങൾക്കും ഒന്നാം സമ്മാനമായി 10,000 രൂപയും (പതിനായിരം രൂപ) സത്സേവന രേഖയും രണ്ടാം സമ്മാനമായി 5000 രൂപയും (അയ്യായിരം രൂപ) സത്സേവന രേഖയും നൽകുന്നതാണ്. ഭരണഭാഷാ പുരസ്ക്കാരങ്ങൾ സംബന്ധിച്ച നിബന്ധനകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

മേൽപ്പറഞ്ഞ പുരസ്ക്കാരങ്ങൾ നൽകുന്നത് '2070-00-119-97 ഭരണഭാഷാ നടപ്പാക്കൽ നോൺ പ്ലാൻ' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകകൊള്ളിച്ച് ചെലവാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ആനന്ദബോസ്,
സെക്രട്ടറി,
ഔദ്യോഗിക ഭാഷ.

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ (നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും).
പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക് (പ്രസിദ്ധീകരണത്തിന്).
എ.ജി. (എ ആന്റ് ഇ) കേരളം.

വികർപ്പ്. 1. ബഹു. മുഖ്യമന്ത്രിയുടെ പി. എസ്സ്.-ന്/ബഹു. ഇൻഫർമേഷൻ & പാർലമെന്ററി ഔദ്യോഗിക ഭാഷാ വകുപ്പുമന്ത്രിയുടെ പി. എസ്സ്.-ന്.
2. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
3. കരുതൽ ഫയൽ/ആഫീസ് കോപ്പി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം

ഭരണഭാഷാ പുരസ്കാരങ്ങൾ--നിബന്ധനകൾ

ഭരണത്തിന്റെ വിവിധ തലങ്ങളിൽ മലയാള ഭാഷയുടെ ഉപയോഗം സാർവത്രികമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ജീവനക്കാർക്കുവേണ്ടി കേരള സർക്കാർ ഏർപ്പെടുത്തുന്ന പുരസ്കാരങ്ങളാണ് ഭരണഭാഷാ പുരസ്കാരങ്ങൾ. താഴെപ്പറയുന്ന രണ്ട് പുരസ്കാരങ്ങൾ നൽകുന്നതാണ്.

1. ഔദ്യോഗിക രംഗത്ത് മലയാളത്തിൽ ചെയ്ത ജോലിയുടെ അടിസ്ഥാനത്തിൽ ക്ലാസ്-3 വിഭാഗത്തിൽപ്പെട്ട സംസ്ഥാന ജീവനക്കാർക്ക് നൽകുന്ന ഭരണഭാഷാ സേവന പുരസ്കാരം.

2. മലയാളത്തിൽ ഔദ്യോഗിക ഭാഷ സംബന്ധിച്ചുള്ള സ്വതന്ത്ര കൃതികൾ രചിക്കുന്ന സംസ്ഥാന ജീവനക്കാർക്ക് നൽകുന്ന ഭരണഭാഷാ ഗ്രന്ഥ രചനാ പുരസ്കാരം.

പുരസ്കാരങ്ങൾ സംബന്ധിച്ച നിബന്ധനകൾ താഴെ ചേർക്കുന്നു:

ഭരണഭാഷാ സേവന പുരസ്കാരം

1. കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകളിലും ജോലി ചെയ്യുന്ന ക്ലാസ്-3 വിഭാഗത്തിൽപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പരിഗണിച്ച് നൽകുന്ന പുരസ്കാരമാണിത്.

ഒന്നാം സമ്മാനം 10,000 രൂപയും സത്സേവന രേഖയും.

രണ്ടാം സമ്മാനം 5,000 രൂപയും സത്സേവന രേഖയും.

2. തൊട്ടു മുൻപിലത്തെ കലണ്ടർ വർഷം ഔദ്യോഗിക രംഗത്ത് ചെയ്ത ജോലികളാണ് പരിഗണിക്കുന്നത്.

3. കുറിപ്പെഴുത്ത്, കരടെഴുത്ത്, രജിസ്റ്ററിൽ എഴുത്ത്, പട്ടികകൾ തയ്യാറാക്കൽ തുടങ്ങി മലയാളത്തിൽ ചെയ്യുന്ന എല്ലാവിധ ജോലികളും ഇതിനായി കണക്കിലെടുക്കുന്നതാണ്.

4. അവാർഡ് നിശ്ചയിക്കുന്നതിനുള്ള 100 മാർക്കിൽ 70 മാർക്ക് മലയാളത്തിൽ ചെയ്ത ജോലിയുടെ അളവിലും 30 മാർക്ക് ആശയാവിഷ്കാരത്തിലെ വ്യക്തതയ്ക്കുമാണ്.

5. മത്സരത്തിൽ പങ്കെടുക്കുന്ന ക്ലാസ്-3 വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർ നിശ്ചിത ഫാറത്തിലുള്ള അപേക്ഷ ഓഫീസ് തലവന്റെ പരിശോധനാക്കുറിപ്പും വകുപ്പുതലവന്റെ ശുപാർശയും സഹിതമാണ് അയയ്ക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്കാരം

1. ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സഹായിക്കുന്ന രണ്ട് സ്വതന്ത്ര കൃതികൾക്ക് പുരസ്കാരം നൽകുന്നു.

ഒന്നാം സമ്മാനം 10,000 രൂപയും സത്സേവന രേഖയും.

രണ്ടാം സമ്മാനം 5,000 രൂപയും സത്സേവന രേഖയും.

2. കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകളിലും ജോലി ചെയ്യുന്ന എല്ലാ വിഭാഗത്തിലുമുള്ള ഉദ്യോഗസ്ഥരെയും ഈ പുരസ്കാരത്തിന് പരിഗണിക്കുന്നതാണ്.

3. ഒരു വർഷം സമർപ്പിക്കുന്നു കൃതികൾ തൊട്ടു മുൻപിലത്തെ രണ്ടു കലണ്ടർ വർഷത്തിനുള്ളിൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ചതായിരിക്കണം.

4. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ പുസ്തകത്തിന്റെ രണ്ട് കോപ്പി സഹിതം ഓഫീസ് തലവന്റെയും വകുപ്പുതലവന്റെയും ശുപാർശയോടുകൂടി അയയ്ക്കേണ്ടതാണ്.

പൊതു നിബന്ധനകൾ

1. ഒരു തവണ സമർപ്പിച്ച കൃതികൾ വീണ്ടും പരിഗണിക്കുന്നതല്ല.

2. ഒരു പുരസ്കാരം ലഭിച്ചയാളെ മൂന്നു വർഷത്തിനുശേഷം മാത്രമേ അതേ വിഭാഗത്തിൽ പുരസ്കാരത്തിന് പരിഗണിക്കുകയുള്ളൂ.

നിശ്ചിത ഫാറത്തിലുള്ള അപേക്ഷകൾ എല്ലാ വർഷവും സെപ്റ്റംബർ 30-നകം ലഭിച്ചിരിക്കേണ്ട വിലാസം:

സെക്രട്ടറി,
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-1.

എല്ലാ വർഷവും ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന സംസ്ഥാനതല സമ്മേളനത്തിൽ പുരസ്കാരങ്ങൾ നൽകുന്നതാണ്.

പുരസ്കാരങ്ങൾ ലഭിച്ച വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സർവീസ് ബുക്കിൽ രേഖപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പുരസ്കാര നിർണ്ണയ സമിതി

പുരസ്കാരം നിർണ്ണയിക്കുന്നതിനുള്ള സമിതിയുടെ ഘടന താഴെപ്പറയും പ്രകാരമായിരിക്കും:

1. സെക്രട്ടറി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് .. ചെയർമാൻ
2. ഡെപ്യൂട്ടി സെക്രട്ടറി .. കൺവീനർ
3. ഭാഷാ വിദഗ്ദ്ധൻ .. അംഗം
4. ഔദ്യോഗിക ഭാഷാ വകുപ്പ് വർഷം തോറും നാമനിർദ്ദേശം ചെയ്യുന്ന ഒരു അനൗദ്യോഗികാംഗം.

പുരസ്കാരം നൽകുന്നത് സംബന്ധിച്ച ചെലവുകൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ ബഡ്ജറ്റിൽ വകകൊള്ളിച്ച് ചെലവാക്കുന്നതാണ്.

അപേക്ഷാഫാറങ്ങളുടെ മാതൃക താഴെക്കൊടുക്കുന്നു:

ഭരണഭാഷാ സേവന പുരസ്കാരം

അപേക്ഷ

വർഷം.....

1. പേര് :
2. ജനനത്തീയതി :
3. ഉദ്യോഗപ്പേര് :
4. ഓഫീസ്, വകുപ്പ് :
5. സ്ഥിരം മേൽവിലാസം :
6. ജോലിയിൽ പ്രവേശിച്ച തീയതി :
7. മലയാളത്തിൽ എഴുതിയ ഫയലുകൾ നമ്പരുകൾ സഹിതം :
8. മലയാളത്തിൽ എഴുതിയ രജിസ്റ്ററുകളുടെ വിവരം :
9. മലയാളത്തിൽ എഴുതിയ മറ്റ് രേഖകളുടെ വിവരം :

LIBRARY ARCHIVES Kerala Legislative Assembly

10. മലയാളത്തിൽ എഴുതിയ മൊത്തം വാക്കുകളുടെ എണ്ണം :

11. ഭരണഭാഷാ മാറ്റത്തിനുതകുന്ന പ്രവർത്തനങ്ങളുടെ വിവരം :

12. സ്വയം വിലയിരുത്തൽ :

സ്ഥലം :

തീയതി :

ഒപ്പ് :

പേര് :

ഓഫീസ് തലവന്റെ പരിശോധനക്കുറിപ്പ്

സ്ഥലം :

തീയതി :

(ഓഫീസ് സീൽ)

ഒപ്പ് :

പേര് :

ഉദ്യോഗപ്പേര് :

വകുപ്പ് തലവന്റെ ശിപാർശ

സ്ഥലം :

തീയതി :

(ഓഫീസ് സീൽ)

ഒപ്പ് :

പേര് :

ഉദ്യോഗപ്പേര് :

ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്കാരം

അപേക്ഷ

വർഷം.....

1. പേര് :

2. ജനനത്തീയതി :

3. ഉദ്യോഗപ്പേര് :

4. ഓഫീസ്, വകുപ്പ് :

LIBRARY ARCHIVES Kerala Legislative Assembly

5. സ്ഥിരം മേൽവിലാസം :

6. ജോലിയിൽ പ്രവേശിച്ച തീയതി :

7. ഗ്രന്ഥത്തിന്റെ പേര്, പ്രസിദ്ധീകരണ വർഷം, ഉള്ളടക്കത്തെപ്പറ്റിയുള്ള സംഗ്രഹക്കുറിപ്പ് :

8. സ്വതന്ത്രകൃതിയോ, പരിഭാഷയോ :

സ്ഥലം : ഒപ്പ് :

തീയതി : പേര് :

ഓഫീസ് തലവന്റെ ശിപാർശ

സ്ഥലം : ഒപ്പ് :

തീയതി : പേര് :

(ഓഫീസ് സീൽ) ഉദ്യോഗപ്പേര് :

വകുപ്പ് തലവന്റെ ശിപാർശ

സ്ഥലം : ഒപ്പ് :

തീയതി : പേര് :

(ഓഫീസ് സീൽ) ഉദ്യോഗപ്പേര് :

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I 'ഡി'

[1-12-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *8(7)-ന്റെ ഉത്തരം ദയവായി കാണുക]

കേരള സർക്കാർ

സംഗ്രഹം

മലയാളം ഔദ്യോഗിക ഭാഷ—ജില്ലാതല ഭരണ ഭാഷാ പുരസ്ക്കാരം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

സ. ഉ. (അച്ചടിച്ചത്) നമ്പർ 7/2004/ഉഭപവ. തിരുവനന്തപുരം, 2004 മേയ് 15.

പരാമർശം:— 23-9-2003-ലെ സ.ഉ. (അച്ചടിച്ചത്) നമ്പർ 29/2003/ഉഭപവ.

ഉത്തരവ്

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന ലക്ഷ്യം എത്രയും വേഗത്തിൽ സാക്ഷാത്ക്കരിക്കുന്നതിന് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന കർമ്മപദ്ധതികളുടെ ഭാഗമായി ജീവനക്കാർക്ക് ഭരണഭാഷാ പുരസ്ക്കാരം നൽകുന്നതിന് പരാമർശത്തിലെ സർക്കാർ ഉത്തരവനുസരിച്ച് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ക്ലാസ്-3 വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർക്ക് മലയാളത്തിൽ ചെയ്ത ജോലിയുടെ അടിസ്ഥാനത്തിൽ ഭരണഭാഷാ സേവന പുരസ്ക്കാരവും ഉദ്യോഗസ്ഥരെ മൊത്തത്തിൽ കണക്കിലെടുത്ത് ഔദ്യോഗിക ഭാഷാ മാറ്റത്തിനുതകുന്ന സ്വതന്ത്ര കൃതി രചിക്കുന്നവർക്ക് നൽകുന്ന ഭരണഭാഷാ ഗ്രന്ഥ രചനാ പുരസ്ക്കാരവും ഇതിൽ ഉൾപ്പെടുന്നു. 2 വിഭാഗത്തിലുള്ള പുരസ്ക്കാരങ്ങൾക്കും ഒന്നാം സമ്മാനം 10,000 രൂപയും (പതിനായിരം രൂപ) സത്സേവന രേഖയും, രണ്ടാം സമ്മാനം 5000 രൂപയും (അയ്യായിരം രൂപ) സത്സേവന രേഖയും ആണ്.

മലയാളത്തിൽ ചെയ്ത ജോലിയുടെ അളവും ഗുണവും കണക്കിലെടുത്ത് നൽകിവരുന്ന ഭരണഭാഷാ സേവന പുരസ്ക്കാരം ഓരോ വർഷവും സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ്-3 വിഭാഗത്തിലുള്ള 2 പേർക്ക് മാത്രമേ ഇപ്പോൾ നൽകുന്നുള്ളു. ഭരണ രംഗത്ത് മലയാളത്തിന്റെ ഉപയോഗം സാർവ്വത്രികമാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനാർത്ഥം ഭരണഭാഷാ സേവന പുരസ്ക്കാരം ജില്ലാതലത്തിലേക്കുകൂടി വ്യാപിപ്പിക്കുന്നത് അഭിലഷണീയമെന്ന് സർക്കാർ കരുതുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല ഭരണഭാഷാ സേവന പുരസ്ക്കാരം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുള്ള എല്ലാ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ക്ലാസ് 3 വിഭാഗത്തിൽ നിന്ന് ജില്ലാതലത്തിൽ അർഹനായ ഒരു ഉദ്യോഗസ്ഥന് 5,000 (അയ്യായിരം) രൂപയും സ്തസേവന രേഖയും നൽകുന്നതാണ്. ഈ പുരസ്ക്കാരം സംബന്ധിച്ച നിബന്ധനകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ജില്ലാതല ഭരണഭാഷാ സേവന പുരസ്ക്കാരം നൽകുന്നതിനാവശ്യമായ തുക '2070-00-119-97 ഭരണഭാഷ നടപ്പാക്കൽ—നോൺ പ്ലാൻ' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകകൊള്ളിച്ച് ചെലവാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ. മുഹമ്മദ് ബഷീർ കുഞ്ഞ്,
ഡെപ്യൂട്ടി സെക്രട്ടറി.

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ (നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും).
എ.ജി. (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക് (പ്രസിദ്ധീകരണത്തിന്).

പകർപ്പ്:— ബഹു. മുഖ്യമന്ത്രിയുടെ പി. എസ്സ്.-ന്.
ബഹു. ഇൻഫർമേഷൻ പാർലമെന്ററികാര്യ ഔദ്യോഗിക ഭാഷാ മന്ത്രിയുടെ പി. എസ്സ്.-ന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
സെക്രട്ടറി (ഔദ്യോഗിക ഭാഷ) യുടെ പി. എ. യ്ക്ക്.
കരുതൽ ഫയൽ/ആഫീസ് കോപ്പി.

GPM. 2/543/2012.—24

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I 'ഡി'

ജില്ലാതല ഭരണഭാഷാ സേവന പുരസ്ക്കാരം

(1) മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുള്ള വിവിധ സർക്കാർ വകുപ്പുകളിലെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള പിന്നോക്ക വിഭാഗ കമ്മീഷൻ, കേരള വനിതാ കമ്മീഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ എന്നീ സ്ഥാപനങ്ങളിലെയും ക്ലാസ്-3 വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് ജില്ലാതലത്തിൽ 1 വീതം നൽകുന്ന പുരസ്ക്കാരമാണ് ഇത്. ഒരു വർഷം 14 ജില്ലകളിലായി 14 പുരസ്ക്കാരങ്ങൾ നൽകും. 5,000 രൂപയും (അയ്യായിരം) സത്സേവന രേഖയും അടങ്ങുന്ന ഈ പുരസ്ക്കാരം ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് ജില്ലാ കളക്ടർമാർ മുഖേനയാണ് നൽകുന്നത്.

(2) സമ്മാനം നൽകുന്നതിന് തൊട്ടു മുൻപിലത്തെ കലണ്ടർ വർഷം ഔദ്യോഗിക രംഗത്ത് മലയാളത്തിൽ ചെയ്ത ജോലികളാണ് പരിഗണിക്കുന്നത്. കുറിപ്പെഴുത്ത്, കരടെഴുത്ത്, രജിസ്റ്റർ എഴുത്ത്, പട്ടികകൾ തയ്യാറാക്കൽ തുടങ്ങി മലയാളത്തിൽ ചെയ്യുന്ന എല്ലാവിധ ജോലികളും ഇതിന് പരിഗണിക്കുന്നതാണ്.

(3) അവാർഡ് നിശ്ചയിക്കുന്നതിനുള്ള 100 മാർക്കിൽ 70 മാർക്ക് മലയാളത്തിൽ ചെയ്ത ജോലിയുടെ അളവിനും 30 മാർക്ക് ആശയാവിഷ്ക്കാരത്തിലെ വ്യക്തതയ്ക്കും ആണ്. ക്ലാസ്-3 വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർ നിശ്ചിത ഫാറത്തിലുള്ള അപേക്ഷ ഓഫീസ് തലവന്റെ പരിശോധനക്കുറിപ്പും ജില്ലാ ഓഫീസറുടെ ശിപാർശയും സഹിതം ബന്ധപ്പെട്ട ജില്ലാ കളക്ടർക്കാണ് സമർപ്പിക്കേണ്ടത്.

(4) നിശ്ചിത ഫാറത്തിലുള്ള അപേക്ഷകൾ എല്ലാ വർഷവും സെപ്റ്റംബർ 30-നകം ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് ലഭിച്ചിരിക്കേണ്ടതാണ്.

(5) ജില്ലാ കളക്ടർ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മലയാള ഭാഷാ പണ്ഡിതൻ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി അപേക്ഷകൾ പരിശോധിച്ച് പുരസ്ക്കാരത്തിനർഹനായ ഉദ്യോഗസ്ഥനെ തെരഞ്ഞെടുത്ത് ആ വിവരം ഒക്ടോബർ 15-നകം ഔദ്യോഗികമായി പ്രഖ്യാപിക്കേണ്ടതും ഔദ്യോഗിക ഭാഷാ വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

(6) പുരസ്ക്കാര ജേതാക്കൾക്ക് നൽകുന്നതിലേക്കുള്ള തുക ഔദ്യോഗിക ഭാഷാ വകുപ്പിൽ നിന്ന് ജില്ലാ കളക്ടർമാർക്ക് അനുവദിക്കുന്നതാണ്.

(7) പുരസ്ക്കാരം ലഭിച്ച വിവരം ഉദ്യോഗസ്ഥരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനായി ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട വകുപ്പു തലവൻമാരെ ഉത്തരവുകൾ സഹിതം അറിയിക്കേണ്ടതാണ്.

(8) എല്ലാ വർഷവും ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ചുള്ള ജില്ലാതല സമ്മേളനങ്ങളിൽ ജില്ലാ കളക്ടർമാർ പുരസ്ക്കാരം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഭരണഭാഷാ സേവന പുരസ്ക്കാരം

അപേക്ഷാ ഫാറം

വർഷം.....

1. പേര് :
2. ജനനത്തീയതി :
3. ഉദ്യോഗപ്പേര് :
4. ഓഫീസ്, വകുപ്പ് :
5. സ്ഥിരം മേൽവിലാസം :
6. ജോലിയിൽ പ്രവേശിച്ച തീയതി :
7. മലയാളത്തിൽ എഴുതിയ ഫയലുകൾ നമ്പരുകൾ സഹിതം :
8. മലയാളത്തിൽ എഴുതിയ രജിസ്റ്ററുകളുടെ വിവരം :
9. മലയാളത്തിൽ എഴുതിയ മറ്റ് രേഖകളുടെ വിവരം :
10. മലയാളത്തിൽ എഴുതിയ മൊത്തം വാക്കുകളുടെ എണ്ണം :
11. ഭരണഭാഷാ മാറ്റത്തിനുതകുന്ന പ്രവർത്തനങ്ങളുടെ വിവരം :
12. സ്വയം വിലയിരുത്തൽ :

സ്ഥലം :
തീയതി :

ഒപ്പ് :
പേര് :

ഓഫീസ് തലവന്റെ പരിശോധനക്കുറിപ്പ്

സ്ഥലം :
തീയതി :

ഒപ്പ് :
പേര് :

(ഓഫീസ് സീൽ)

ഉദ്യോഗപ്പേര് :

ജില്ലാ ഓഫീസറുടെ ശിപാർശ

സ്ഥലം :
തീയതി :

ഒപ്പ് :
പേര് :

(ഓഫീസ് സീൽ)

ഉദ്യോഗപ്പേര് :

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I 'ഡി'

[1-12-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *8(7)-ന്റെ ഉത്തരം ദയവായി കാണുക]

മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുള്ള സംസ്ഥാനത്തെ വകുപ്പുകൾ 1-9-1985 മുതൽ (1-9-1985-ലെ 7223/ഔ:ഭാ:3/85/ഉഭപവ. നം. വിജ്ഞാപനം)

1. പഞ്ചായത്ത്
2. മുൻസിപ്പൽ ഭരണം
3. വനം
4. സഹകരണം
5. ഗിരിജനക്ഷേമം
6. ഹരിജനക്ഷേമം
7. മത്സ്യബന്ധനം
8. ആർക്കിയോളജി

1-11-1987 മുതൽ (12-10-1987-ലെ 7256/ഔ:ഭാ:3/85/ഉഭപവ.നം. വിജ്ഞാപനം)

9. ജയിൽ :
10. ഹിന്ദു മത സ്ഥാപനം :
11. പബ്ലിക് റിലേഷൻസ്
12. അളവുകളും തൂക്കങ്ങളും
13. പുരാരേഖ
14. ക്ഷീരവികസനം
15. മൃഗസംരക്ഷണം
16. ഭവന നിർമ്മാണം
17. സാമൂഹ്യക്ഷേമം
18. രജിസ്ട്രേഷൻ

1-11-1989 മുതൽ (6-10-1989-ലെ 5905/ഔ:ഭാ:3/88/ഉഭപവ. നം. വിജ്ഞാപനം)

19. റവന്യൂ
20. കൃഷി

LIBRARY ARCHIVES Kerala Legislative Assembly

21. ഗ്രാമവികസനം
22. ഭക്ഷ്യവും സിവിൽ സപ്ലൈസും
23. തൊഴിൽ
24. പൊതുവിദ്യാഭ്യാസം
25. നാട്ടുചികിത്സ
26. ജലഗതാഗതം
27. സർവേ ആൻഡ് ലാൻഡ് റിക്കാർഡ്സ്
28. നികുതി
29. എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്
30. സാംസ്കാരിക പ്രസിദ്ധീകരണം
31. കാഴ്ചബംഗ്ലാവും മൃഗശാലയും

1-1-1992 മുതൽ (20-12-1991-ലെ 7972/ഔ:ഭാ:3/ഉഭപവ. നം. വിജ്ഞാപനം)

32. പ്രിന്റിംഗ്
33. സ്റ്റേഷനറി
34. ടൗൺപ്ലാനിംഗ്
35. ഹോമിയോപതി
36. ഭൂഗർഭജലം
37. ഭാഗ്യക്കുറി
38. ലോക്കൽ ഫണ്ട്
39. ഫയർ സർവീസ്
40. പബ്ലിക് ലൈബ്രറി
41. എക്സൈസ്
42. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്
43. ദേശീയ സമ്പാദ്യം

1-12-1993 മുതൽ (1-12-1993-ലെ 3721/ഔ:ഭാ:3/03/ഉഭപവ. നം. വിജ്ഞാപനം)

44. എക്ണോമിക്സും സ്റ്റാറ്റിസ്റ്റിക്സും
45. സ്പോർട്സും യുവജനകാര്യവും
46. കോളേജ് വിദ്യാഭ്യാസം

LIBRARY ARCHIVES Kerala Legislative Assembly

47. സാങ്കേതിക വിദ്യാഭ്യാസം
48. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
49. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
50. ഫാക്ടറികളും ബോയിലറികളും
51. ഗവ. അനലറ്റിക്കൽ ലബോറട്ടറി
52. തുറമുഖ എഞ്ചിനീയറിംഗ്
53. ആരോഗ്യം
54. വ്യവസായവും വാണിജ്യവും
55. ഇൻഷ്വറൻസ്
56. കേരള ഗസറ്റിയേഴ്സ്
57. മെഡിക്കൽ വിദ്യാഭ്യാസം
58. മൈനിംഗും ജിയോളജിയും
59. മോട്ടോർ വാഹനം
60. പോലീസ്
61. തുറമുഖം
62. പബ്ലിക് ഹെൽത്ത് ലബോറട്ടറി
63. പൊതുമരാമത്ത്
64. ഇറിഗേഷനും പ്രോജക്ടുകളും
65. സൈനികക്ഷേമം
66. ട്രഷറി
67. വിജിലൻസ്
68. ഔഷധ നിയന്ത്രണം

മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുള്ള സ്വയംഭരണ സ്ഥാപനങ്ങൾ

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

കേരള പിന്നോക്ക വിഭാഗ കമ്മീഷൻ

കേരള വനിതാ കമ്മീഷൻ

ലോകായുക്ത

ഓംബുഡ്സ്മാൻ.

LIBRARY ARCHIVES Kerala Legislative Assembly